**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1812</u>** **<u>19-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കെ.എസ്.ആർ.ടി.സിയിൽ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പമന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സിയിൽ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എത്ര തുകയാണ് ഈ പദ്ധതിക്ക് ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺ ലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കേരള സർക്കാരിന്റെ 2020-21 പദ്ധതി വിഹിതത്തിലുൾപ്പെടുത്തി 16.98 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | 2018-ൽ ITS പ്രോജക്ടിനായി 63.77 കോടി രൂപ ധനസഹായം ആവശ്യപ്പെട്ട് ഒരു പദ്ധതിരേഖ സമർപ്പിച്ചിരുന്നു. ആയതിന്മേൽ ചില സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിൽ നിന്ന് കത്ത് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ